HON'BLE MR. A. ATCHUTHAN : : ഫ്രഞ്ച് മീനം മുതൽ നാലുമാസങ്ങളിൽ മന്ത്രിമാർ ഉപയോഗിച്ചിട്ടുള്ള പെട്രോളിന്റെ കണക്ക് താഴെ പറയുന്ന രീതിയനുസരിച്ചാണ്.

ബഹുമാനപ്പെട്ട പ്രധാനമന്ത്രി ശ്രീ. പട്ടം എ. താണുപിള്ള

മീനം	൬൫	ഗ്യാലൻ	മേടം	൧൦൦	ഗ്യാലൻ
ഇടവം	൧൦൭	,,	മിഥുനം	൧൬൦	,,

ബഹുമാനപ്പെട്ട മന്ത്രി ശ്രീ.ടി. എം. വർഗീസ്.

മീനം	൬൪	ഗ്യാലൻ	മേടം	൯൪	ഗ്യാലൻ
ഇടവം	൧൯൦	,,	മിഥുനം	൧൬൪	,,

ബഹുമാനപ്പെട്ട മന്ത്രി ശ്രീ. സി. കേശവൻ

മീനം	൯൯	ഗ്യാലൻ	മേടം	൧൯൦	ഗ്യാലൻ
ഇടവം	൧൯൬	,,	മിഥുനം	൧൭൬	,,

ബഹുമാനപ്പെട്ട മന്ത്രി. ശ്രീ. കെ. എം. കോര

	മിഥുനം	൫൭	ഗ്യാലൻ

ബഹുമാനപ്പെട്ട മന്ത്രി ശ്രീ ജി. രാമചന്ദ്രൻ

	മിഥുനം	൬൪	ഗ്യാലൻ

ബഹുമാനപ്പെട്ട മന്ത്രി ശ്രീ. എ. അച്യുതൻ

	മിഥുനം	൫൭	ഗ്യാലൻ

ബഹുമാനപ്പെട്ട മന്ത്രി ശ്രീ. പി. എസ്. നടരാജപിള്ള

	മിഥുനം	൫൭	ഗ്യാലൻ

മത്സ്യവകുപ്പിന്റെ ഡിവിഷൻ ഇൻസ്പെക്ടറന്മാർ.

321. MR. WILSON PETER (*Shertalai III—Latin Catholic*) : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മത്സ്യവകുപ്പിന്റെ ചാർജ്ജ് വഹിക്കുന്ന മന്ത്രി സഭയെ മറുപടി പറയുമോ?

(എ) മത്സ്യവകുപ്പിന്റെ കീഴിൽ എത്ര ഡിവിഷൻ ഇൻസ്പെക്ടറന്മാരും എത്ര സബ് ഇൻസ്പെക്ടറന്മാരും ഉണ്ട്?

(ബി) പുതിയ ഉപ്പു വിതരണസമ്പ്രദായത്തിന്റെ വെളിച്ചത്തിൽ അവരുടെ ജോലിയുടെ ഇന്നത്തെ രൂപമെന്ത്?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. K. M. KORAH : (എ) മൂന്ന് ഇൻസ്പെക്ടറന്മാരും ഇരുപത്തു സബ് ഇൻസ്പെക്ടറന്മാരും.

(ബി) ഇൻസ്പെക്ടറന്മാരിൽ രണ്ടുപേർ കായലുകളുടെയും ഒന്ന്, തോട് മുതലായ പുറമ്പോക്ക് ജലാശയങ്ങളുടെയും ചാർജ്ജുകൂടി വഹിക്കുന്നുണ്ട്. മൂന്ന് ഫിഷറി സബ് ഇൻസ്പെക്ടറന്മാർ കായലുകളുടെ ചാർജ്ജു മാത്രം വഹിക്കുന്നവരും ആക്കി പതിനേഴുപേരും ഒരു ഇൻസ്പെക്ടരും മൽസ്യവ്യവസായികളുടെയിടയിൽ സാമൂഹ്യസാമ്പത്തികവ്യവസ്ഥിതി വരുത്തുന്നതിലും മൽസ്യപരിപാകം സംബന്ധിച്ചുള്ള നവീനമാർഗ്ഗങ്ങളെപ്പറ്റി ഉപദേശം കൊടുക്കുന്നതിലും ഏർപ്പെട്ടിരിക്കുന്നു.

MR. WILSON PETER : ഗവണ്മെൻറിന്റെ ഉടമസ്ഥതയിലുള്ള ചില പുറമ്പോക്ക് ജലാശയങ്ങളും ഇപ്പോൾ വ്യക്തികളുടെ കയ്യിൽ ഇരിക്കുന്നുണ്ടെന്നുള്ള വിവരം അറിയാമോ?

HON'BLE MR. K. M. KORAH : ഉണ്ട്. അതിനു വേണ്ട നടപടി നടത്തുന്നുണ്ട്.

ചെമ്മീൻ കയറുമതി.

322. MR. K. K. CHELLAPPAN PILLAI (*Mavelikara II—General*) : താഴെ ചേർക്കുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട കയറുമതിവകുപ്പുമന്ത്രി സഭയിൽ മറുപടി പറയുമോ?

വിദേശങ്ങളിലേക്കു ചെമ്മീനു കയറ്റി അയയ്ക്കുന്നതിനു ചെറുതരം വ്യവസായികൾക്കു നേരിട്ടിട്ടുള്ള വിഷമതകളെക്കുറിച്ചു അവർ നിവേദനം നടത്തിയിട്ടുള്ളതിന്മേൽ എന്തു പരിഹാരം ചെയ്തിട്ടുണ്ട്?

HON'BLE MR. K. M. KORAH : റിസ്ട്രിക്ഷൻ എടുത്തുകഴിഞ്ഞിരിക്കുന്നു.

MR. K. K. CHELLAPPAN PILLAI : എന്നാണ് മാറിയത്?

HON'BLE MR. K. M. KORAH : നൂ-ഒ-ഫൻ ർവ്വ-ൽ.

MR. K. K. CHELLAPPAN PILLAI : അളുകാരണം ജനങ്ങൾക്കു വളരെ വൈഷമ്യം അനുഭവിക്കുന്നുണ്ടെന്നുള്ള കാര്യം ഗവണ്മെൻറ്റ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

HON'BLE MR. K. M. KORAH : ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കക്കുനിയന്ത്രണം.

323. MR. MOHAMMED MUSTAFA (*Pathanapuram—Muslim*) : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട കക്കുവകുപ്പുമന്ത്രി സഭയിൽ മറുപടി പറയുമോ?

LIBRARY ARCHIVES Kerala Legislative Assembly